# കടകളിൽ വിജിലൻസ് പരിശോധന; അമിത വില ഈടാക്കിയതിന് കടകൾക്കെതിരെ നടപടി

ആലപ്പ്ുഴ: സംസ്ഥാനത്ത് കോവിഡ് –വൈറസ് ബാധ നിലനിൽക്കുന്ന സാഹചര്യത്തിൽ അവശ്യ സാധനങ്ങൾക്ക് അധിക വില ഈടാക്കിയ കടകൾക്കെതിരെ വിജിലൻസ് നടപടി സ്വീകരിച്ചു. ജില്ലയിലെ മാവേലിക്കര താലൂക്കിലെ ആദിക്കാട്ടുകുളങ്ങര, ചാരുംമൂട്, പാലമുട് എന്നീ ഭാഗങ്ങളിലെ വിവിധ കടകളിൽ നടത്തിയ പരിശോധനയിൽ പച്ചക്കറി,പലചരക്ക്, ചിക്കൻ എന്നിവയിന്മേൽ അമിത വില ഈടാക്കുന്നതായി കണ്ടെത്തി. നിയമലംഘനങ്ങളിൽ അനന്തര നടപടി സ്വീകരിക്കുന്നതിനായി മാവേലിക്കര താലൂക്ക് സപ്ലൈ ഓഫീസർക്ക് റിപ്പോർട്ട് നൽകി.

ആലപ്പുഴ വിജിലൻസ് ഓഫീസിൽ നിന്നും ഇന്നലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് റെക്സ് ബോബി അരവിന്റെ നിർദ്ദേശാനുസരണം ആണ് പരിശോധന നടന്നത്. പരിശോധനയിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിലെ പോലീസ് ഇൻസ്പെക്ടർ രജീഷ്കുമാർ, എസ്.ഐ (ഗ്രേഡ്) അജീഷ്കുമാർ തുടങ്ങിയവർ പങ്കെടുത്തു. വരും ദിവസങ്ങളിലും പരിശോധന തുടരുമെന്ന് വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അറിയിച്ചു.

# വേലിയേറ്റം മൂലം കടൽ പ്രക്ഷുബ്ധമായേക്കാം, ജാഗ്രത വേണം

ആലപ്പ്ുഴ: ഏപ്രിൽ 13, രാത്രി 11.30 വരെയുള്ള സമയത്ത് വേലിയേറ്റം മൂലം തീരത്തോട് ചേർന്നുള്ള കടൽ മേഖല പ്രക്ഷുബ്ധമാകുവാനും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, പൊന്നാനി, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ താഴ്ന്ന പ്രദേശങ്ങളിൽ വേലിയേറ്റ സമയങ്ങളിൽ വെള്ളം കയറാനുമുള്ള സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര പഠന കേന്ദ്രം അറിയിച്ചു. തീരമേഖലകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം. വള്ളങ്ങളും മൽസ്യ ബന്ധന ഉപകരണങ്ങളും കെട്ടിയിട്ട് സംരക്ഷിക്കാൻ ശ്രദ്ധിക്കുക. കടലാക്രമണ ഭീഷണി നിലനിൽക്കുന്നയിടങ്ങളിലും

താഴ്ന്ന-വെള്ളം കയറാൻ സാധ്യതയുള്ള ഇടങ്ങളിലും താമസിക്കുന്നവർ ജാഗ്രത പുലർത്തണം. കേരള തീരത്ത് മൽസ്യ ബന്ധനത്തിന് തടസ്സമില്ല.